**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 300** **23-01-2025 - ൽ മറുപടിയ്ക്ക്**

**കേരള റേഷൻ വ്യാപാരി ക്ഷേമനിധിയുടെ വിശദവിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിലവിലുള്ള അംഗങ്ങളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | നിലവിൽ 11666 റേഷൻ വ്യാപാരികളാണ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. റേഷൻ വ്യാപാര രംഗത്തേക്ക് പുതിയ വ്യാപാരികൾ കടന്ന് വരികയും ടിയാളുകൾ ക്ഷേമനിധിയിൽ അംഗത്വം എടുക്കുന്നതിന്റെയും അടിസ്ഥാനത്തിലും, നിലവിലെ വ്യാപാരികൾ വ്യാപാര രംഗത്ത് നിന്ന് വിടുതൽ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലും ടി അംഗത്വ നമ്പറിൽ വ്യത്യാസം ഉണ്ടാകാറുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള നിലവിലെ വിവരങ്ങൾ **അനുബന്ധം -1** ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ക്ഷേമനിധി അംഗങ്ങൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | റേഷൻ വ്യാപാരികൾക്ക് ആശ്വാസം പകരുന്നതിനായി പെൻഷൻ, അംശാദായം തിരികെ നൽകൽ, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ചികിത്സാ ധനസഹായം തുടങ്ങിയ ക്ഷേമപദ്ധതികളാണ് നിലവിൽ റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്നും നൽകി വരുന്നത്. എന്നാൽ നിലവിലെ സാമ്പത്തിക പ്രതിസന്ധി മൂലം മുൻ കാലങ്ങളിൽ ക്ഷേമനിധി പെൻഷൻ അനുവദിച്ച പെൻഷണർമാർക്ക് ത്രൈമാസികമായി അനുവദിക്കുന്ന പെൻഷൻ തുകയും, അടിയന്തിര ചികിത്സ ധന സഹായവും അല്ലാതെ മറ്റ് ധന സഹായങ്ങളിലേക്ക് തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. |
| (സി) | 2023-24, 2024-25 (നാളിതുവരെ) സാമ്പത്തിക വർഷങ്ങളിൽ ക്ഷേമനിധിയിൽ നിന്ന് ലഭ്യമാക്കിയ ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | വിശദാംശങ്ങൾ **അനുബന്ധം-2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

| ക്രമ നമ്പർ | ജില്ല | അംഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1677 |
| 2 | കൊല്ലം | 1313 |
| 3 | പത്തനംതിട്ട | 649 |
| 4 | ആലപ്പുഴ | 1031 |
| 5 | കോട്ടയം | 782 |
| 6 | ഇടുക്കി | 600 |
| 7 | എറണാകുളം | 1088 |
| 8 | തൃശ്ശൂർ | 764 |
| 9 | പാലക്കാട് | 820 |
| 10 | മലപ്പുറം | 981 |
| 11 | വയനാട് | 292 |
| 12 | കോഴിക്കോട് | 773 |
| 13 | കണ്ണൂർ | 656 |
| 14 | കാസറഗോഡ് | 240 |
| | **ആകെ** | **11666** |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം - 2**

| ആനുകൂല്യങ്ങൾ | 2023-24 സാമ്പത്തിക വർഷം അനുവദിച്ച തുക | 2024-25 സാമ്പത്തിക വർഷം അനുവദിച്ച തുക (നാളിതുവരെ) | ആകെ |
|---|---|---|---|
| പെൻഷൻ | 2,76,46,500/- | 2,65,11,000/- | 5,41,57,500/- |
| അംശാദായം തിരികെ നൽകൽ | 5,95,650/- | 7,45,394/- | 13,41,044/- |
| മരണാനന്തര ധന സഹായം | 34,950/- | 4,59,660/- | 4,94,610/- |
| ചികിത്സ ധന സഹായം | 2,18,625/- | 2,69,000/- | 4,87,625/- |
| വിദ്യാഭ്യാസ സ്കോളർഷിപ്പ് | 88,125/- | നാളിതുവരെ ഈ സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടില്ല | 88,125/- |

സെക്ഷൻ ഓഫീസർ